# എ.ഡി.ബി. വാസ്തവം
# സർക്കാർ ചതിയിൽനിന്ന് പിന്മാറണം

**2007 ജനുവരി 1ന് സി.ആർ. നീലകണ്ഠൻ തിരുവനന്തപുരത്തു നടത്തിയ പത്രസമ്മേളനത്തിൽ വിതരണം ചെയ്ത കുറിപ്പിൽനിന്ന്. ഇടതുപക്ഷത്തിന്റെ പ്രത്യേകിച്ച് ധനമന്ത്രി ഡോ. തോമസ് ഐസക്കിന്റെയും ഡി.വൈ.എഫ്.ഐ.ന്റെയും എ.ഡി.ബി. വായ്പ സംബന്ധിച്ച മലക്കംമറച്ചിലുകളും കള്ളത്തരങ്ങളും ഇതിലൂടെ വെളിപ്പെടുന്നു. എ.ഡി.ബി. വായ്പ മുഖ്യമായും വെറും കടമല്ലെന്നും നമ്മുടെ പരമാധികാരം നഷ്ടപ്പെടുത്തുന്ന കെണിയാണെന്നും തിരിച്ചറിയുക.**

**എ.ഡി.ബി.യിൽ നിന്നും 222.1 ദശലക്ഷം ഡോളർ വായ്പയെടുത്തുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള സുസ്ഥിര നഗരവികസന പദ്ധതി (കെ.എസ്.യു.ഡി.പി.) യിൽ നിന്നും കേരള സർക്കാർ പിൻവാങ്ങണം.**

**ഈ വായ്പയുടെ മുൻവ്യവസ്ഥകളിൽ മാറ്റം വരുത്തിയെന്ന വായ്പാനുകൂലികളുടെ വാദം അസത്യമാണ്. 2005 നവംബർ 23ന് യു.ഡി.എഫ്. സർക്കാർ തയ്യാറാക്കിയ പദ്ധതി കരാർ യാതൊരു മാറ്റവുമില്ലാതെയാണ് എൽ.ഡി.എഫ്. സർക്കാർ 2006 ഡിസംബർ 8ന് ഒപ്പിട്ടത്.**

### ഈ കരാർ റദ്ദാക്കണമെന്നു പറയാനുള്ള കാരണങ്ങൾ

ഇടതുപക്ഷത്തിന്റെ വിശേഷിച്ച് സി.പി.ഐ.(എം) ന്റെ (18-ാം പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ച) നയങ്ങൾക്ക് എതിരാണിത്. വിദേശ വായ്പകൾ വാങ്ങുമ്പോൾ അതിന് ഘടനാപരമായ പരിഷ്ക്കാരങ്ങളോ അതിന്റെ ഭാഗമായുള്ള സ്വകാര്യവൽക്കരണമോ ജീവനക്കാരുടെ എണ്ണം കുറയ്ക്കലോ സബ്സിഡികൾ വെട്ടിക്കുറയ്ക്കലോ മറ്റ് ധനകാര്യ വ്യവസ്ഥകളോ പാടില്ലെന്നു രേഖപറയുന്നു. തന്നെയുമല്ല ഇത്തരം കാര്യങ്ങളിലേർപ്പെടുമ്പോൾ അതിന്റെ വ്യവസ്ഥകൾ പരസ്യമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയശേഷം മാത്രമേ പാടുള്ളുവെന്നും പാർട്ടിരേഖകൾ പറയുന്നു.

ഇതെല്ലാം ഇവിടെ ലംഘിക്കപ്പെടുന്നു.

- നഗരസഭകളുടെ പരമാധികാരം കവരുന്നതും
- ദരിദ്രരുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നതും
- ജലം പോലുള്ള അടിസ്ഥാനമേഖലകളിൽ സ്വകാര്യവൽക്കരണത്തിനു വഴിവെയ്ക്കുന്നതും
- കൺസൾട്ടൻസികളെ നിയമിക്കാനും പദ്ധതി നിർവഹണം സമ്പൂർണമായി നിയന്ത്രിക്കാനും എഡിബിയ്ക്ക് അധികാരമുള്ളതും.

നഗരസഭകളെ നോക്കുകുത്തികളാക്കുന്നതും അധികാരവികേന്ദ്രീകരണമെന്ന പ്രഖ്യാപിത നയങ്ങൾക്കെതിരായതും.

ആകയാൽ ഈ കരാറിൽ നിന്നും സർക്കാർ പൻവാങ്ങണം.

ഇതിന്റെ വ്യവസ്ഥകൾ സമ്പൂർണ്ണമായി അറിയിക്കാൻ (ഇംഗ്ലീഷിലും മലയാളത്തിലും) സർക്കാർ തയ്യാറാവണം.

#### അവകാശവാദം - 1

പൊതു ടാപ്പുകൾ നിർത്തലാക്കുന്നില്ല, പകരം അവയ്ക്ക് മീറ്ററുകൾ ഘടിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു.

#### യാഥാർത്ഥ്യം

എന്നാൽ കരാറിൽ സർക്കാർ നൽകിയിട്ടുള്ള ഉറപ്പുകൾ (ഭാഗം-5) ധനകാര്യ വിശകലനം, സാമ്പത്തിക വിശകലനം. മുതലായവയെല്ലാം ഇത് അസത്യമാണെന്നു കാണിക്കുന്നു. പൊതുടാപ്പുകളിലൂടെയുള്ള ജലത്തിന്റെ അളവ് പത്തിലൊന്നായി കുറയ്ക്കും, പരമാവധി (97,000) പൊതുടാപ്പുകൾ വീടുകണക്ഷനുകളാക്കും എന്നു പറയുന്നു. പൊതുടാപ്പിൽ മീറ്റർ ഘടിപ്പിക്കുമ്പോൾ അതിലൂടെ ലഭിക്കുന്ന ജലം പരിമിതപ്പെടുത്തുമെന്നു പറയുന്നു. നഗരസഭ നൽകുന്ന തുക (2628 രൂപ പ്രതിവർഷം) തീരുന്നതുവരെയുള്ള ജലമേ നൽകൂ. ജലത്തിന്റെ കരം വർദ്ധിപ്പിച്ചാൽ അതിനനുസരിച്ച് ജലത്തിന്റെ അളവും കുറയും.

ഇതിലും പ്രധാനമായ ഒരു ചോദ്യമുണ്ട്. മൂന്നു നഗരസഭകൾ 100 കോടിയിലേറെ രൂപ ജലവിതരണ രംഗത്തു മുടക്കുന്നു. പുതുതായി ഒരു പൊതുടാപ്പ് എങ്കിലും സ്ഥാപിക്കാൻ നഗരസഭാ ഭരണസമിതികൾക്കു കഴിയുമോ?

#### അവകാശവാദം - 2

ജല സ്വകാര്യവൽക്കരണത്തിന് ഈ വായ്പ വഴിവെയ്ക്കുന്നില്ല.

#### യാഥാർത്ഥ്യം

ഇത് ശരിയല്ല. കരാറിന്റെ 13-ാം പേജിലെ 6-ാം ഖണ്ഡിക ഇക്കാര്യം വ്യക്തമാക്കുന്നു. കേരളത്തിലെ

നഗരസേവന പ്രദാന മേഖലകളിൽ സ്വകാര്യ മൂലധനപങ്കാളിത്തം വളരെ കുറവാണെന്നും അതു വർദ്ധിപ്പിക്കുന്നതിനാവശ്യമായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കണമെന്നും ആ ഖണ്ഡിക പറയുന്നു.

**അവകാശവാദം – 3**

**ഖരമാലിന്യ നിർമ്മാർജനത്തിനും മലിനജല സംസ്കരണത്തിനുമുള്ള തീരുവ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ നൽകേണ്ടതില്ല.**

എന്നാൽ കരാറിന്റെ 57-ാം പേജിൽ താങ്ങാനുള്ള ശേഷി (Affordability) എന്ന തലക്കെട്ടിൽ ദരിദ്രരുടെ വരുമാനത്തിന്റെ 2-7 ശതമാനം വരെ മാത്രമാണ് ഈ ചിലവ് എന്നതിനാൽ അതിന് ഇളവുനൽകേണ്ടതില്ലെന്നു തന്നെ കരാർ പറയുന്നു. തന്നെയുമല്ല സാമ്പത്തിക-ധനകാര്യ വിശകലനങ്ങളിൽ പറയുന്നതുപോലെ ഓരോ മേഖലയിലും നഗരസഭകളുടെ വരുമാനം എത്ര ശതമാനം വീതം വർദ്ധിപ്പിക്കണം എന്നും അതിനായി ഓരോ മേഖലയിലും അഞ്ചുവർഷംകൊണ്ട് എത്ര വർദ്ധനവു വരുത്തണമെന്നും കരാറിൽ വ്യക്തമായിക്കാണിക്കുന്നു.

**അവകാശവാദം – 4**


**നഗരസഭകളുടെ പരമാധികാരം അടിയറവയ്ക്കുന്നില്ല.**

ഈ വായ്പ നഗരസഭകളുടെ മാത്രമല്ല. സംസ്ഥാനത്തിന്റെ പരമാധികാരം പോലും അടിയറവയ്ക്കുന്നു. കൺസൾട്ടൻസി, ആഡിറ്റിംഗ്, വാങ്ങൽ പ്രക്രിയകൾ, ഭരണഘടനാപരമായ മാറ്റങ്ങൾ പോലും മുൻകൂട്ടി അറിയിക്കണമെന്നത് തുടങ്ങിയ നിബന്ധനകൾ സംസ്ഥാനത്തിന്റെ പരമാധികാരം നഷ്ടപ്പെടുത്തുന്നവയാണ്.

കരാറിൽ സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന പ്രത്യേക ഉറപ്പുകൾ (പേജ് 28-30) നഗരസഭകൾക്ക് ഭരണഘടനയുടെ 74-ാം ഭേദഗതി വഴി ലഭിക്കുന്ന അധികാരങ്ങൾ നിഷേധിക്കുകയാണ്. നികുതികൾ എങ്ങനെ പരിഷ്കരിക്കണം, ഏതു തിയ്യതിക്കകം ഏതെല്ലാം പ്രമേയങ്ങൾ നഗരസഭ പാസാക്കണം, ഏതെല്ലാം നടപടിക്രമങ്ങൾ പാലിക്കണം തുടങ്ങിയ കാര്യങ്ങൾ നഗരസഭ നടപ്പിലാക്കുമെന്ന് സംസ്ഥാന സർക്കാർ കരാറിൽ എഡിബിക്ക് ഉറപ്പു നൽകുന്നു. ഇത്തരമൊരു ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ഇത് നഗരസഭയുടെ സാമ്പത്തിക-വികസന അധികാരങ്ങളിലുള്ള നിയമവിരുദ്ധ കയ്യേറ്റമാണ്. ഇതിലെ ഉപവ്യവസ്ഥകളിൽ ചെറിയൊരു മാറ്റംപോലും വരുത്താൻ നഗരസഭകൾക്കു കഴിയില്ല. വികേന്ദ്രീകൃതാസൂത്രണ തത്വങ്ങളുടെ പരസ്യമായ ലംഘനമാണിത്. ജനകീയാസൂത്രണത്തിന്റെ വക്താക്കളാണ് ഈ വായ്പക്കുവേണ്ടി വാദിക്കുന്നത് എന്നത് വിചിത്രമാണ്.

## വരയും വരിയും

റഫീഖ് അഹമ്മദ്




**എ.ഡി.ബി. വിരുദ്ധ സംസ്ഥാനതല കൺവെൻഷനും റാലിയും ജനുവരി 20 കോഴിക്കോട് നടന്നു. സാറാ ജോസഫ്, സി.ആർ.നീലകണ്ഠൻ എന്നിവരുടെ നേതൃത്വത്തിൽ സമരസമിതി രൂപീകരിച്ചു. അഞ്ച് കോർപ്പറേഷനുകളിലും കൺവെൻഷൻ ഉടനെ നടക്കും.**

ബന്ധങ്ങൾക്ക് : 9446496332